# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7633 — 23/07/2012 ൽ മറുപടിക്ക്

**പെൻഷൻ പ്രായം ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടൽ**

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. വി. ശശി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ പി. എസ്.സി ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലെ ലിസ്റ്റിന്റെ കാലാവധി എത്ര കാലത്തേക്ക് നീട്ടി നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. 30.4.2012-ൽ നിലവിലുള്ളതും 30.3.2013 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി റാങ്ക് ലിസ്റ്റിന് നാലര വർഷം പൂർത്തിയാകുന്ന മുറയ്ക്കോ, പ്രസ്തുത തസ്തികയിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തിയതി മുറയ്ക്കോ അവസാനിക്കുന്നതാണ് എന്നീ നിബന്ധനകളോടെ 31.3.2013വരെ പി.എസ്.സി. ദീർഘിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം കാലാവധി ദീർഘിപ്പിച്ച 815 തസ്തികകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) സെക്രട്ടേറിയറ്റ്, പി.എസ്.സി., അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നിവയിലേക്ക് അസിസ്റ്റന്റ്മാരെ നിയമിക്കുന്നതിനുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; | (ബി) 2013 മാർച്ച് 31ന് |
| (സി) പെൻഷൻ പ്രായം ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടാൻ നടപടി സ്വീകരിക്കുമോ; | (സി) ലിസ്റ്റിന്റെ കാലാവധി 2013 മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ഡി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനത്തിനായി പുതുതായി നിർദ്ദേശിക്കപ്പെട്ട അധിക യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം പുതുക്കി അധികയോഗ്യത നേടാനുള്ള കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം നേടിയാൽ മതി എന്ന് തീരുമാനിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) ഡി.സി.എ യോഗ്യത കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ആദ്യ വിജ്ഞാപനം എന്ന നിലയ്ക്ക് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ഡി.സി.എ സർട്ടിഫിക്കറ്റ്, സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ ഹാജരാക്കിയാൽ മതിയെന്ന സാവകാശം ഉദ്യോഗാർത്ഥികൾക്ക് നൽകാൻ പി.എസ്.സി.യോട് ആവശ്യപ്പെടാൻ സർക്കാർ തലത്തിൽ തീരുമാനിക്കുകയും പ്രസ്തുത വിവരം 10.07.2012-ലെ 12803/ആർ.1/12/ഉ.ഭ.പ.വ നമ്പർ കത്ത് മുഖേന കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അറിയിച്ചിട്ടുള്ളതുമാണ്. ഇക്കാര്യത്തിന്മേലുള്ള കമ്മീഷൻെറ അഭിപ്രായം ഇനിയും സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**